**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3400** **14-07-2022 - ൽ മറുപടിയ്ക്ക്**

**മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിൽ ഫാം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഭൂവിസ്തൃതി കൊണ്ട് ഏഷ്യയിലെ ഏറ്റവും വലിയ വിത്തുകൃഷിത്തോട്ടമായ മലപ്പുറം ജില്ലയിലെ മുണ്ടേരിയിൽ ഫാം ടൂറിസം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതികൾ കൃഷി വകുപ്പ് മുഖാന്തിരം സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ ഈ കാര്യം സർക്കാർ പരിഗണിക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ മുണ്ടേരി വിത്തു കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ കൃഷി വകുപ്പ് സമർപ്പിച്ചിട്ടില്ല. 2018ലെ പ്രളയത്തിൽ നഷ്ടപ്പെട്ട റോഡുകളും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തിയ ശേഷം മാത്രമേ ഫാം ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഫാമിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 26.87 കോടി രൂപയുടെ പ്രവർത്തികൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ പൂർത്തിയാക്കി ഫാമിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതോടൊപ്പം ഫാം ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| (ബി) | മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിൽ ഫാം ടൂറിസം പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ഗവൺമെന്റ് ഫാം വർക്കേഴ്സ് യൂണിയൻ (സി.ഐ.ടി.യു.) മുണ്ടേരി യൂണിറ്റ് സെക്രട്ടറി കൃഷി ഡയറക്ടർമാർക്കും കൃഷി മന്ത്രിക്കും നൽകിയ നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | റോഡ് ഉൾപ്പെടെയുള്ള ഫാമിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയ ശേഷം നിവേദനങ്ങളിൽ സൂചിപ്പിച്ചിരിയ്ക്കുന്ന കാര്യങ്ങളിൽ ആവശ്യമായ പരിശോധന നടത്തി നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) | പ്രസ്തുത വിത്തുകൃഷിത്തോട്ടം ഫാം ടൂറിസത്തിന് അനുയോജ്യമാണോ എന്ന പഠനം നടത്തുന്നതിനും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയ/ മെച്ചപ്പെടുത്തിയ ശേഷം മേൽ വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ